**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 170** **30-09-2025 - ൽ മറുപടിയ്ക്ക്**

**ശബരിമല യുവതീ പ്രവേശനവുമായി ബന്ധപ്പെട്ട കേസുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. എം. വിൻസെന്റ് ,<br>ശ്രീ. എ. പി. അനിൽ കുമാർ ,<br>ശ്രീമതി ഉമ തോമസ്,<br>ശ്രീ. ചാണ്ടി ഉമ്മൻ** | | **ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി)** | |
| (എ) | ശബരിമലയിലെ യുവതീ പ്രവേശനവുമായി ബന്ധപ്പെട്ട സുപ്രീംകോടതി വിധിയുടെ പശ്ചാത്തലത്തിൽ നാമജപ ഘോഷയാത്ര നടത്തിയതുൾപ്പെടെ സമാധാനപരമായി സമരം നടത്തിയവർക്കെതിരെ എടുത്ത എല്ലാ കേസുകളും എഴുതി തള്ളിയിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ; | (എ) | **ശബരിമല യുവതീ പ്രവേശനം സംബന്ധിച്ചുണ്ടായ ബഹു. സുപ്രീംകോടതി വിധിയെ തുടർന്നും പൗരത്വ ഭേദഗതി നിയമം കൊണ്ടുവന്നതിനെ തുടർന്നും സംസ്ഥാനത്ത് വിവിധ സംഭവങ്ങൾ ഉണ്ടായിട്ടുണ്ട്. ഇതേത്തുടർന്ന് പോലീസ് നിയമനടപടികൾ സ്വീകരിച്ചിരുന്നു.**<br><br>**ഈ കേസുകളിൽ സമാധാനപരമായി സമരം നടത്തിയവയും ഗുരുതരമായ ക്രിമിനൽ സ്വഭാവമില്ലാത്തതുമായ കേസുകൾ പിൻവലിക്കുന്നതിനുള്ള തുടർനടപടികൾ സ്വീകരിക്കുന്നതിന് അനുമതി നൽകിക്കൊണ്ട് 26.02.2021 ലെ സ.ഉ.(കൈ)നം.70/2021/ ആഭ്യന്തരം പ്രകാരം പൊതു ഉത്തരവായിട്ടുണ്ട്.**<br><br>**പ്രസ്തുത ഉത്തരവിൽ കേസുകളുടെ നിലവിലുള്ള സ്ഥിതി, സ്വഭാവം എന്നിവ പരിശോധിച്ച് സംസ്ഥാന പോലീസ് മേധാവി, ജില്ലാ കളക്ടർമാർ, ജില്ലാ പോലീസ് മേധാവിമാർ എന്നിവർആവശ്യമായ തുടർനടപടികൾ സ്വീകരിക്കേണ്ടതാണ് എന്ന് വ്യവസ്ഥ ചെയ്തിരുന്നു. ശബരിമല യുവതീ പ്രവേശനവുമായി ബന്ധപ്പെട്ടുള്ള ബഹു. സുപ്രീംകോടതി വിധിയെ തുടർന്നുണ്ടായ വിവിധ സംഭവങ്ങളിൽ 2634 കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്.**<br><br>**കേസുകൾ പിൻവലിക്കുന്നതിന് ഓരോ കേസിലും കേസ് പരിഗണിക്കുന്ന കോടതിയുടെ മുമ്പാകെ പ്രത്യേകം അപേക്ഷ സമർപ്പിക്കേണ്ടതുണ്ട്. നടപടിക്രമങ്ങൾ വേഗത്തിലാക്കുന്നതിന്റെ ഭാഗമായി മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ 21.08.2023 ന് യോഗം ചേരുകയും, ഓരോ ജില്ലയിലും ബന്ധപ്പെട്ട** |

| | | | |
|---|---|---|---|
| | | | **പബ്ലിക് പ്രോസിക്യൂട്ടർ, അഡ്മിനിസ്ട്രേഷൻ ചുമതലയുള്ള ഡി.വൈ.എസ്.പി, ജില്ലാ കളക്ടർ ചുമതലപ്പെടുത്തുന്ന ഒരു ഉദ്യോഗസ്ഥൻ എന്നിവരടങ്ങുന്ന ഒരു കമ്മിറ്റി രൂപീകരിച്ച് ഗുരുതര സ്വഭാവമില്ലാത്ത കേസുകൾ കണ്ടെത്തി നടപടി സ്വീകരിക്കാൻ നിർദ്ദേശം നൽകി.**<br><br>**തുടർന്ന് കേസുകളുടെ സ്വഭാവം കണക്കിലെടുത്ത് പോലീസ് തുടർനടപടികൾ ഒഴിവാക്കിയതും , പിൻവലിക്കാനുള്ള അപേക്ഷ കോടതിയിൽ സമർപ്പിച്ചതുമായ കേസുകളുടെ എണ്ണം 1047 ആണ്. 86 കേസുകൾ കോടതി മറ്റുതരത്തിൽ തീർപ്പാക്കി. 278 കേസുകൾ വെറുതെ വിട്ടു. 726 കേസുകൾ കോടതി ശിക്ഷിച്ചു. 692 കേസുകൾ കോടതിയുടെ പരിഗണനയിലുണ്ട്.**<br><br>**ഗുരുതരസ്വഭാവമുള്ള വകുപ്പുകൾഉൾപ്പെടുന്നതിനാൽ ചില കേസുകൾ പിൻവലിക്കാൻ കഴിയുകയില്ല.**<br><br>**ഗുരുതര ക്രിമിനൽ സ്വഭാവമില്ലാത്ത കേസുകൾ എത്രയും വേഗം പിൻവലിക്കുന്നതിനുള്ള നടപടിയാണ് സർക്കാർ സ്വീകരിച്ചുവരുന്നത്.** |
| (ബി) | ഇല്ലെങ്കിൽ പ്രസ്തുത വിഷയവുമായി ബന്ധപ്പെട്ട കേസുകൾ എഴുതിത്തള്ളാൻ തയ്യാറാകാത്തതിന്റെ കാരണം വിശദമാക്കാമോ ; | (ബി) | (എ) പിരിവിൽ ചേർത്തിട്ടുണ്ട്. |
| (സി) | ശബരിമല യുവതീ പ്രവേശനവുമായി ബന്ധപ്പെട്ട് നടന്ന നാമജപ ഘോഷയാത്ര ഉൾപ്പെടെയുള്ള സമരങ്ങളിൽ പങ്കെടുത്തവർക്കെതിരെ എടുത്ത കേസുകൾ പിൻവലിക്കാൻ സർക്കാർ തയ്യാറാകുമോ? | (സി) | (എ) പിരിവിൽ ചേർത്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ